മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഡിസംബർ 7

## വാർത്താക്കുറിപ്പ്

---

## എം.ജി സർവകലാശാലാ അക്കാദമിക് കാർണിവൽ; ലോഗോ പ്രകാശനം ചെയ്തു

ജനുവരിയിൽ കോട്ടയത്തു നടക്കുന്ന മഹാത്മാ ഗാന്ധി സർവകലാശാലാ ഗ്ലോബൽ അക്കാദമിക് കാർണിവൽ -യുനോയ 2023ൻറെ ലോഗോ കൊച്ചി മേയർ അഡ്വ. എം. അനിൽകുമാർ എറണാകുളം മഹാരാജാസ് കോളജിൽ പ്രകാശനം ചെയ്തു. അക്കാദമിക് മികവിൻറെ പുതിയ തലങ്ങളിലേക്കുള്ള സർവകലാശാലയുടെയും കോളജുകളുടെയും വളർച്ചയ്ക്ക് കാർണിവൽ ഊർജ്ജം പകരുമെന്ന് അദ്ദേഹം പറഞ്ഞു.

ഉന്നത വിദ്യാഭ്യാസ മേഖലയുടെ പുരോഗതിക്ക് ഊന്നൽ നൽകിയുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാർ നടത്തിവരുന്നത്. സർവകലാശാലയിലെയും കോളജുകളിലെയും പഠന, ഗവേഷണ സാധ്യതകൾ പരിചയപ്പെടുത്തുന്നതിലൂടെ നാട്ടിലും വിദേശത്തുമുള്ള കൂടുതൽ വിദ്യാർഥികളെ ആകർഷിക്കാൻ സാധിക്കുമെന്നും മേയർ കൂട്ടിച്ചേർത്തു.

അക്കാദമിക് കാർണിവലിൻറെ പ്രഖ്യാപനവും അദ്ദേഹം നിർവഹിച്ചു. മഹാരാജാസ് കോളജ് പ്രിൻസിപ്പൽ ഡോ. വി.എസ് ജോയി അധ്യക്ഷത വഹിച്ചു. കാർണിവലിൻറെ ആശയവും പരിപാടികളുടെ വിശദാംശങ്ങളും യഥാക്രമം സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. എസ്. ഷാജിലാ ബീവിയും ഡോ. ബിജു തോമസും അവതരിപ്പിച്ചു.

സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. എ. ജോസ്, പി. ഹരികൃഷ്ണൻ, ഡോ. കെ.എം. സുധാകരൻ, ഡോ. ബാബു മൈക്കിൾ, പരീക്ഷാ കൺട്രോളർ ഡോ. സി.എം. ശ്രീജിത്ത് വിവിധ കോളജുകളിലെ പ്രിൻസിപ്പൽമാർ, അധ്യാപകർ, വിദ്യാർഥികൾ തുടങ്ങിയവർ പങ്കെടുത്തു. മഹാരാജാസ് കോളജ് വിദ്യാർഥികൾ ഫ്ളാഷ് മോബ് അവതരിപ്പിച്ചു.

സർവകലാശാലയിലെയും അഫിലിയേറ്റഡ് സ്ഥാപനങ്ങളിലെയും അക്കാദമിക ഗവേഷണ പ്രോഗ്രാമുകൾ, സ്റ്റാർട്ട് അപ്പുകൾ, ട്രാൻസ്ലേഷണൽ റിസർച്ചുകൾ തുടങ്ങിയവയെക്കുറിച്ച് വിദ്യാർഥികൾക്ക് അറിവു നൽകുന്നതിന് ലക്ഷ്യമിട്ടാണ് ജനുവരി 17 മുതൽ 19 വരെ ഗ്ലോബൽ അക്കാദമിക് കാർണിവൽ സംഘടിപ്പിക്കുന്നത്.

**ഫോട്ടോ ക്യാപ്ഷൻ......**

ജനുവരിയിൽ കോട്ടയത്തു നടക്കുന്ന മഹാത്മാ ഗാന്ധി സർവകലാശാലാ ഗ്ലോബൽ അക്കാദമിക് കാർണിവൽ -യുനോയ 2023ൻറെ ലോഗോ എറണാകുളം മഹാരാജാസ് കോളജിൽ കൊച്ചി മേയർ അഡ്വ. എം. അനിൽകുമാർ പ്രകാശനം ചെയ്യുന്നു  ഡോ. ബാബു മൈക്കിൾ, ഡോ. വി.എസ്. ജോയ്, പി. ഹരികൃഷ്ണൻ, ഡോ. എസ്. ഷാജിലാ ബീവി, ഡോ. കെ.എം. സുധാകരൻ, ഡോ. ബിജു തോമസ്, ഡോ. എ. ജോസ് എന്നിവർ സമീപം.

(പി.ആർ.ഒ./39/1716/2022)

## വിദേശ സർവകലാശലകളിലെ സാധ്യതകൾ; ശിൽപ്പശാല നാളെ

വിദേശ സർവകലാശാലകളിലെ അക്കാദമിക്, ഗവേഷണ അവസരങ്ങളെക്കുറിച്ചുള്ള ശിൽപ്പശാല നാളെ(ഡിസംബർ 9) രാവിലെ 11ന് എം.ജി. സർവകലാശാലാ കാമ്പസിലെ സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ നടക്കും.
സർവകലാശലയിലെ എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെയും സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിന്റെയും സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്.

വിദ്യാർഥികൾക്കും അധ്യാപന മേഖലയിൽ പ്രവർത്തിക്കുന്നവർക്കും അമേരിക്കയിലെ അലാസ്ക സർവകലാശാലയിലെ പ്രഫ. അജിത്ത് ദയാനന്ദനുമായും ഓസ്ട്രേലിയയിലെ ന്യൂ ഇംഗ്ലണ്ട് സർവകലാശാലയിലെ പ്രഫ. കമൽജിത്ത് സന്ധുവുമായും സംവദിക്കാൻ അവസരമുണ്ടാകും.

ഡവലപ്മെന്റ് സ്റ്റഡീസ്, ഇക്കണോമിക്സ്, കോമേഴ്സ്, മാനേജ്മെന്റ്, ഫിനാൻസ്, ഇന്നവേഷൻ സ്റ്റഡീസ്, ഡിജിറ്റൽ സംരംഭങ്ങൾ തുടങ്ങിയ മേഖലകളിൽനിന്നുള്ളവർക്ക് പ്രയോജനപ്രദമായ രീതിയിലാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. ഫോൺ 0481 2731025

(പി.ആർ.ഒ./39/1717/2022)

## പ്രീമാരിറ്റൽ കൗൺസലിംഗ് പരിശീലനം

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ പ്രവർത്തിക്കുന്ന ഐ.ആർ.എൽ.ഡി.യുടെ ആഭിമുഖ്യത്തിൽ പ്രീ മാരിറ്റൽ കൗൺസലിംഗിൽ പരിശീലനം നൽകുന്നു.

ജനുവരി ആദ്യ വാരത്തിൽ തുടങ്ങുന്ന പത്തു ദിവസത്തെ പരിശീലന കോഴ്സിൽ ഓൺലൈൻ - ഓഫ്ലൈൻ ക്ലാസ്സുകൾ ഉണ്ടാകും

ഏതെങ്കിലും വിഷയത്തിലുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യത. കൗൺസലിംഗിൽ സർട്ടിഫിക്കറ്റോ ഡിപ്ലോമയോ ഉള്ളവർക്ക് മുൻഗണന ലഭിക്കും.

രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും 8606534916 എന്ന നമ്പറിൽ ബന്ധപ്പെടണം.

(പി.ആർ.ഒ./39/1718/2022)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ എം.എസ്.സി. ഹോം സയൻസ് (സി.എസ്.എസ്., 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020, 2019 അഡ്മിഷൻ സപ്ലിമെന്ററി - ഒക്ടോബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഡിസംബർ 13, 19 തീയതികളിൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും.

............................................

രണ്ടാം സെമസ്റ്റർ എം.എസ്.സി. ഫുഡ് ആൻഡ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020, 2019 അഡ്മിഷനുകൾ സപ്ലിമെന്ററി - ഒക്ടോബർ 2022) പരീക്ഷകളുടെ പ്രാക്ടിക്കൽ പരീക്ഷ ഡിസംബർ 20 മുതൽ അമലഗിരി ബി.കെ. കോളേജിൽ നടത്തും.

ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1719/2022)

## പരീക്ഷാ ഫലം

ഈ വർഷം മാർച്ചിൽ നടന്ന ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. - ബി.എ., ബി.എസ്.സി (മോഡൽ 1,2,3 - 2013, 2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി), ബി.ബി.എ, ബി.സി.എ, ബി.ബി.എം, ബി.എഫ്.ടി, ബി.എസ്.ഡബ്ല്യു, ബി.പി.ഇ, ബി.ടി.എസ് (മോഡൽ 3 - 2013, 2014, 2015, 2016 അഡ്മിഷൻ റീ-അപ്പിയറൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഡിസംബർ 21 വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

.......................................

ഈ വർഷം ഏപ്രിലിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി. ഹോം സയൻസ് ബ്രാഞ്ച് 10 (എ) - ചൈൽഡ് ഡെവലപ്മെന്റ്, ബ്രാഞ്ച് 10 (ഡി) ഫാമിലി ആന്റ് കമ്മ്യൂണിറ്റി സയൻസ് (റഗുലർ), മൂന്നാം സെമസ്റ്റർ എം.എ. ഡെവലപ്മെന്റ് ഇക്കണോമിക്സ് (സി.എസ്.എസ്.) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഡിസംബർ 21 വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ./39/1720/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**